(ബി) ഇരിക്കൂർ-ബ്ലാത്തൂർ റോഡിന്റെ ഏതെല്ലാം റീച്ചുകൾ പുനരുദ്ധരിക്കുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളത്?

ഉത്തരം

(എ&ബി) തുക അനുവദിച്ചിട്ടില്ല. ഇരിക്കൂർ-ബ്ലാത്തൂർ റോഡിന്റെ പുനരുദ്ധാരണത്തിനായുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ തലത്തിൽ തയ്യാറാക്കി വരുന്നു.

**ബാലുശ്ശേരി-കരുമ്പായിൽ-വയലിട റോഡിന്റെ പരിഷ്കരണ പ്രവൃത്തി**

**326(3251)** ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ബാലുശ്ശേരി-കരുമ്പായിൽ-വയലിട റോഡിന്റെ പരിഷ്കരണ പ്രവൃത്തി കരാറുകാരന്റെ മരണത്തെ തുടർന്ന് പൂർത്തിയാക്കാൻ കഴിയാതെ വർഷങ്ങളായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിർമ്മാണ സാമഗ്രികൾ പ്രവർത്തി സ്ഥലത്ത് സംഭരിച്ചതിനാൽ ഗതാഗത തടസ്സം സൃഷ്ടിച്ചതു സംബന്ധിച്ച് വിളിച്ചുചേർത്ത ഉന്നതതല യോഗ തീരുമാനം നടപ്പിലാക്കുന്നതിന്റെ പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡരികിൽ ഗതാഗത തടസ്സമുണ്ടാക്കിയ നിർമ്മാണ സാമഗ്രികൾ മറ്റൊരു സുരക്ഷിതമായ യാർഡിലേക്ക് മാറ്റിയിട്ടുണ്ട്. ഉന്നതതല യോഗ തീരുമാന പ്രകാരം ബാക്കി പ്രവൃത്തിക്കുള്ള പുതുക്കിയഎസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**സംസ്ഥാനത്ത് ഓരോ ജില്ലയിലുമുള്ള ടാറിന്റെ ലഭ്യത**

**327(3252)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് റോഡ് നിർമ്മാണത്തിന് ആവശ്യമായ ടാർ ലഭ്യമാക്കുന്നത് ഏത് ഏജൻസിയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ടാർ ദൗർബല്യം ഉണ്ടായിട്ടുണ്ടോ ; ഇത് റോഡിന്റെ അറ്റകുറ്റപ്പണികളെയും നിർമ്മാണ പ്രവൃത്തികളെയും ദോഷകരമായി ബാധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഓരോ ജില്ലയിലുമുള്ള ടാറിന്റെ വിഹിതം എപ്രകാരമാണ് ; വിതരണം എപ്രകാരമാണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ), മാംഗ്ളൂർ റിഫൈനറി ആന്റ് പെട്രോകെമിക്കൽസ് ലിമിറ്റഡ് (എം.ആർ.പി.എൽ), ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.ഒ.സി), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (എച്ച്.പി.സി.എൽ) എന്നീ കമ്പനികളാണ് പൊതുമരാമത്ത് വകുപ്പിന് ടാർ നൽകുന്നത്.

(ബി) നിലവിൽ ടാർ ദൗർലഭ്യമില്ല.

(സി) ഓരോ ജില്ലയിലും എഗ്രിമെന്റ് വച്ച പ്രവൃത്തികളുടേയും അനുവദിക്കപ്പെട്ട പ്രവൃത്തികളുടെയും ആവശ്യമായ ടാറിന്റെ ഏകദേശ കണക്ക് നോക്കിയാണ് വിഹിതം അനുവദിക്കുന്നത്. ഒരു കോടി രൂപയിൽ താഴെ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് മാത്രമാണ് ഇത്തരത്തിൽ വകുപ്പിൽനിന്നും നേരിട്ട് ടാർ നൽകുന്നത്. ഒരു കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കരാറുകാരൻ നേരിട്ടാണ് ടാർ വാങ്ങുന്നത്.

## മണിയമ്പിക്കളി പാലം പുനർനിർമ്മാണം

**328(3253)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി പഞ്ചായത്തിലെ മണിയമ്പിളി പാലം പുനർ നിർമ്മിക്കുന്നതിന് തീരുമാനമെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലത്തിന്റെ എസ്റ്റിമേറ്റ് തുക എത്ര രൂപയാണ് ;

(സി) ഇതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ; ഇല്ലെങ്കിൽ ഈ പാലത്തിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly